**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 620** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഇൻകുബേഷൻ സെന്ററുകളുടെ ശക്തിപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിലവിലുള്ള ഇൻകുബേഷൻ സെന്ററുകളെ ശക്തിപ്പെടുത്തുന്നതിനും, കേന്ദ്രീകൃതമാക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംരഭകർക്കാവശ്യമായ സഹായങ്ങ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷ സെന്ററുകളും, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷ സെല്ലുകളും പ്രവർത്തന ആരംഭിച്ചിട്ടുണ്ട്.കൂടാതെ എല്ലാ താലൂക്ക വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്ക മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചു.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകള ഫെസിലിറ്റേഷൻ സെന്ററുകള ആക്കിമാറ്റുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ ഓഫീസുകളെയും എന്റർപ്രൈസ ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. ജില്ലാ വ്യവസായകേന്ദ്രങ്ങളിൽ എത്തുന്നവർക്ക സേവനങ്ങൾ സുഗമമായി ലഭ്യമാക്കുന്നതിന എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഓരോ ജില്ലാ റിസോഴ്സ് പേഴ്സണെ വീതം നിയമിച്ചിട്ടുണ്ട് |
| (ബി) | ഇന്റലക്ചൽ പ്രോപർട്ടി റൈറ്റ് ,പേറ്റന്റ് എന്നിവ സംരഭകർക്ക് നേടികൊടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | ഇന്റലക്ച്ചൽ പ്രോപർട്ടി റൈറ്റ്സ്, പേറ്റന്റ് എന്നിവ സംരംഭകർക്ക് നേടികൊടുക്കുന്നതിന് ആവശ്യമായ ഹാൻഡ് ഹോൾഡിങ്ങ് സഹായങ്ങൾ, എന്റർപ്രൈസ് ഡെവെലപ്മെന്റ് എക്സിക്യൂട്ടിവ്, ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നീ ഉദ്യോഗസ്ഥർ |

| | | | |
|---|---|---|---|
| | | | വഴിയും താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം എന്നീ ഓഫീസുകൾ വഴിയും സംരംഭകർക്ക് നൽകി വരുന്നുണ്ട്. ഇത് കൂടാതെ ഇന്റലക്ചൽ പ്രോപർട്ടി റൈറ്റ്സ് എടുക്കുന്നതിന് ചെലവാകുന്ന തുകയുടെ 50% reimburse ചെയ്യുന്നതിനുള്ള പദ്ധതി, പുതിയ കേരള വ്യവസായ നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ